# ഫാക്ടറീസ് , ട്രേയ്ഡേഴ്സ്,എന്റെർപ്രെനർഷിപ്പ്, ആക്ടിവിറ്റീസ്, &അതർ സർവ്വീസസ്/ ലൈസൻസ് ലഭിക്കുവാനുള്ള സത്യവാങ്മൂലം.

## മാംസവില്പന ശാല

എന്റെ ഉടമസ്ഥതയിൽ/കൈവശത്തിലുള്ള .................................. നമ്പർ കെട്ടിട മുറിയിൽ.............. വർഷത്തേയ്ക്ക്..........................................................സ്ഥാപനത്തിന് ............... കോർപ്പറേഷൻ ലൈസൻസ് ലഭിക്കുന്നതിനായി (സ.ഉ.നമ്പർ795/2017ത.സ്വഭാവ തിയ്യതി 16/03/2017) ടി സ്ഥാപനത്തിന്റെ ലൈസൻസി ആയ ...............................................................................കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറി

മുമ്പാകെ സമർപ്പിക്കുന്ന സത്യവാങ്മൂലം.

1 2016 ലെ ഖര-ദ്രവ മാലിന്യപരിപാലന ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരവും സർക്കാറിന്റെ ( G O Rt 2511/2017 ത.സ്വ ഭ.വ തിയ്യതി 22/07/2017 ) ഉത്തരവ് പ്രകാരവും സ്ഥാപനത്തിൽ ഉണ്ടാകുന്ന ഖരദ്രവമാലിന്യങ്ങൾ സ്ഥാപനത്തിന്റെ സ്വന്തം ചിലവിൽ പൊതുജനങ്ങൾക്ക് ശല്യമാകാത്ത രീതിയിൽ ശാസ്ത്രീയമായി സംസ്ക്കരിക്കുവാൻ സംവിധാനം ഏർപ്പെടുത്തി യിട്ടുണ്ട്.സ്ഥാപനവും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതാണ്.

2 മലീനികരണ നിയന്ത്രണ ബോർഡിന്റെയും **( പി സി ബി ),** 2016 പ്ലാസ്റ്റിക്ക് പരിപാലനചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരവും കേരളാ മുനിസിപ്പാലിറ്റി ആക്ട് 334 ബി വകുപ്പ് പ്രകാരവും 27.11.2019 ലെ 6/2019 സർക്കാർ ഉത്തരവ് പ്രകാരം ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾ, പ്ലാസ്റ്റിക്ക് പേക്കിങ്ങ് മെറ്റീരിയലുകൾ, മൾട്ടി ലെയർ പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങൾ നിരോധിച്ചതാണെന്ന് അറിയുന്നതാണെന്നും, സ്ഥാപനത്തിൽ ഇത്തരം ഉൽപ്പന്നങ്ങൾ സംഭരിക്കുകയോ , വില്പന നടത്തുകയോ ചെയ്യുന്നതല്ല.

3 കോഴിക്കോട് കോർപ്പറേഷൻ കൗൺസിൽ **(എഫ്6/73001/2016** തിയ്യതി 24/10/2016) തീരുമാനപ്രകാരം അംഗീകരിച്ച പ്ലാസ്റ്റിക്ക് ഖരദ്രവ ഇ മാലിന്യ പരിപാലന നിയമാവലി വ്യവസ്ഥകൾ പാലിക്കുന്നതാണ്. പ്ലാസ്റ്റിക്ക് വസ്തുക്കൾ ഒരു കാരണവശാലും കത്തി ക്കുനനതല്ല.

4 സ്ഥാപനത്തിന്റെ മുമ്പിൽ സ്ഥാപിക്കുന്ന ബോർഡിൽ സ്ഥാപനത്തിന്റെ പേര്, സ്ഥലപേര്, കെട്ടിട നമ്പർ എന്നിവ ഇംഗ്ലീഷിലും, മലയാളത്തിലും രേഖപ്പെടുത്തുന്നതും കോർപ്പറേഷൻ അനുവദിച്ച ലൈസൻസ് സ്ഥാപനത്തിൽ പ്രദർശിപ്പിക്കുന്നതാണ്.

5 കച്ചവട ലൈസൻസിന് അനുവദിച്ച സ്ഥലത്തു മാത്രമേ സാധനങ്ങൾ ശേഖരിച്ചു വെയ്ക്കുകയും വിൽപന നടത്തുകയും ചെയ്യുകയുള്ളൂ ആയതിന് വിരുദ്ധമായി കച്ചവടം ചെയ്യുന്നപക്ഷം എനിക്ക് അനുവദിച്ച ട്രേയ്ഡ് ലൈസൻസ് റദ്ദു ചെയ്യുന്നതിന് എനിക്ക് പരിപൂർണ്ണ സമ്മതമാണ്.

6 സ്ഥാപനത്തിൽ 18 വയസിൽ കുറവുള്ള കുട്ടികളെ ജോലിക്ക് നിർത്തുന്നതല്ലെന്നും, ജീവനക്കാർക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുല്ലെന്നും ഉറപ്പുവരുത്തുന്നു.

7 അംഗീകൃത അറവുശാലയിൽ നിന്നും വെറ്റിനറി സർജൻ സാക്ഷ്യപ്പെടുത്തിയ മാംസം മാത്രമേ വിൽപ്പന നടത്തുന്നുള്ളു.

8 മാംസവിൽപ്പന ശാലയിൽ ഒരു കാരണവശാലും അറവു നടത്തന്നില്ല.

9 അറവുശാലയിൽ നിന്നും വിൽപ്പന ശാലയിലേക്ക് മാംസം കൊണ്ടുപോകുമ്പോൾ 51 മൈക്രോണിനു മുകളിലുള്ള പ്ലാസ്റ്റിക്ക് ഷീറ്റ് ഉപയോഗിച്ച് മൂടിയിരിക്കണം. (ചാക്ക് ഉപയോഗിക്കുവാൻ പാടുള്ളതല്ല.)

10 കശാപ്പു ചെയ്ത മൃഗങ്ങളുടെ തലയോ, ഉടലോ മറ്റേതെങ്കിലും ശരീരഭാഗങ്ങളോ പ്രദർശിപ്പിച്ച് വിൽപ്പന നടത്തുകയില്ല.

11 കടയുടെ പുറം ചുമര് ഗ്ലാസ്സ് കൊണ്ട നിർമ്മിച്ചാതാണെങ്കിൽ കൂളിംഗ് ഫിലിം ഉപയോഗിച്ചമറച്ചിട്ടുള്ളതും മേൽ വ്യവസ്ഥ ലംഘിക്കുന്ന പക്ഷം 5000/- രൂപ പിഴ ഈടാക്കുന്നതും, ആവർത്തിക്കുന്ന പക്ഷം കട അടച്ചുപൂട്ടുന്നതടക്കമുള്ള നടപടികളെക്കുറിച്ച് എനിക്ക് അറിയാവുന്നതാണ്.

12 മാംസം കൈകാര്യം ചെയ്യുന്നവർക്ക് കോർപ്പറേഷൻ ഹെൽത്ത് ഓഫീസർ അനുവദിക്കുന്ന **"ഹെൽത്ത് കാർഡ്"** ഉണ്ടായിരിക്കേണ്ടതാണ്. ഹെൽത്ത് കാർഡ് ഇല്ലാത്തവർ മാംസം കൈകാര്യം ചെയ്യുന്നത് ശിക്ഷാർഹമാണെന്ന് എനിക്ക് ബോധ്യമുള്ളതാണ്.

13 ചർമ്മരോഗങ്ങൾ, മറ്റേതെങ്കിലും തരത്തിലുള്ള സാംക്രമിക രോഗങ്ങൾ ഉള്ളവർ ഒരു കാരണവശാലും മാംസം കൈകാര്യം ചെയ്യുന്നതല്ല.

14 സ്ഥാപനത്തിലെ ജീവനക്കാർ നഖം, മുടി, എന്നിവ കൃത്യമായി വെട്ടിയും, വ്യക്തി ശുചിത്വം പാലിച്ചും, തൊപ്പി, ഏപ്രൺ എന്നിവ ധരിച്ചും മാത്രമേ മാംസം കൈകാര്യം ചെയ്തുവരുന്നുള്ളു.

15 കശാപ്പിനു ശേഷം മാംസം 6 മണിക്കൂറിനുള്ളിൽ വിൽപ്പന നടത്തുന്നതാണ്. കശാപ്പു ചെയ്ത മൃഗങ്ങളുടെ രക്തം മാംസത്തിൽ പുരട്ടുവാൻ പാടുള്ളതല്ലെന്ന് അറിയാവുന്നതാണ്

16 മാംസ വിൽപ്പന ശാലയിൽ കോർപ്പറേഷൻ വെറ്റിനറി സർജൻ പരിശോധന. നടത്തുന്നതും, മാംസത്തിന് 6 മണിക്കൂറിലധികം പഴക്കം സംശയിച്ചാൽ ആയത് ഉറപ്പാക്കുന്നതിന് ലാബ് പരിശോധനക്കായി (Tyrosin level, Extract release volume, Total viable count, $P^H$ value etc) വെറ്റിനറി ലാബിലേക്ക് ഫ്രീസ്ഡ് സാമ്പിളുകൾ കടയുടമയുടെ ചെലവിൽ അയക്കുന്നതായിരിക്കും. പരിശോധന ഫലത്തിൽ പഴക്കം തെളിഞ്ഞാൽ കടയുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതായിരിക്കും എന്ന നിബന്ധന പാലിക്കാൻ തയ്യാറാണ്.

17 മാംസാവശിഷ്ടം, മലിനജലം തുടങ്ങിയവ സ്വന്തം ചെലവിൽ ഉചിതമായ സംവിധാനം ഏർപ്പെടുത്തി സംസ്ക്കരിക്കുന്നതും ഇവ പൊതുസ്ഥലത്തു നിക്ഷേപിക്കുകയോ പൊതു ഓടയിലേക്ക് ഒഴുക്കിവിടുകയോ ചെയ്യുന്നില്ല.

18 മാംസം തുണ്ടമാക്കുവാൻ ഉപയോഗിക്കുന്ന കത്തി, മരക്കുറ്റി, ത്രാസ്സ്, മുതലായവ എപ്പോഴും ശുചിയായി സൂക്ഷിക്കുന്നതാണ്.

19 വിൽപ്പന കേന്ദ്രത്തിന്റെ ചുമരും നിലവും ടൈൽ പതിപ്പിച്ച് വെള്ളം കെട്ടികിടക്കാത്ത രീതിയിൽ വൃത്തിയായി സൂക്ഷിക്കുന്നതാണ്.

20 മാംസ വിൽപ്പന ആരംഭിക്കുന്നതിനു മുമ്പും വിൽപ്പനക്ക് ശേഷവും അണുനാശിനി ഉപയോഗിച്ച് കട വൃത്തിയാക്കുന്നതാണ്.

21 മാംസം കൈകാര്യം ചെയ്യുന്നിടത്ത് ആവശ്യമായ ശുദ്ധജലം ഉറപ്പാക്കിയിട്ടുള്ളതുമാണ്.

22 പുകവലി സംബന്ധിച്ച് COTPAനിയമ പ്രകാരമുള്ള ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളതുമാണ്.

23 5 വർഷത്തേക്ക് ലൈസൻസ് അനുവദിക്കുമ്പോൾ നിയമപരമായി ഹാജരാക്കേണ്ടണ്ടണ്ട അനുബന്ധ രേഖകൾ കൃത്യമായി ഹാജരാക്കുമെന്ന് ഞാൻ ഇതിനാൽ ഉറപ്പ് നൽകുന്നു. ആയതിലേക്ക് ചുവടെ ചേർത്ത പ്രകാരമുള്ള അനുബന്ധരേഖകൾ സ്വന്തം ഉത്തരവാദിത്വത്തിൽ ഹാജരാ ക്കുന്നതാണ്.

24 നിലവിലുള്ള ട്രേഡ് ലൈസൻസ് 1 വർഷത്തേക്ക് / 5 വർഷത്തേക്ക് പുതുക്കി നൽകണമെന്ന് അറിയിക്കുന്നു.

25 സ്ഥാപനത്തിൽ നിന്നുണ്ടാകുന്ന അജൈവമാലിന്യങ്ങൾ യൂസർഫീ നൽകി ഹരിതകർമ്മ സേനയ്ക്ക് നൽകുന്നതാണ്.

a) **പ്രോപ്പർട്ടി ടാക്സ്** എല്ലാ വർഷവും മാർച്ച് മാസം 31 നുള്ളിൽ അടവാക്കുന്നതാണ്.

b) **പ്രൊഫഷണൽ ടാക്സ്** എല്ലാ വർഷവും മാർച്ച് മാസം 31 നുള്ളിൽ അടവാക്കുന്നതാണ്.

c) **പി.സി.ബി എൻ.ഒ.സി**-കാലാവധി അവസാനിക്കുന്ന ദിവസത്തിനുള്ളിൽ പുതുക്കി സമർപ്പിക്കുന്നതാണ്-സാധിച്ചില്ല എങ്കിൽ ലൈസൻസ് റദ്ദാക്കുന്നതും പുതിയ ലൈസൻസ് പൂർണ്ണ നടപടി ക്രമം പാലിച്ച് മാത്രമേ അനുവദിക്കുകയുള്ളൂ എന്ന് എനിക്ക് ബോധ്യമുണ്ട്.

d) **വെള്ളം പരിശോധിച്ച റിപ്പോർട്ട്** എച്ച്.ഐ. സീൽഡ് സാമ്പിൾ, സ്റ്റാറ്റ്യൂട്ടറി ലാബു കളിൽ പരിശോധിച്ചത് 6 മാസത്തിനുള്ളിൽ പുതുക്കുന്നതാണ്.

e) **ഹെൽത്ത് കാർഡ്**-എല്ലാ വർഷവും 6 മാസത്തിൽ പുതുക്കുന്നതാണ്.

f) ഡ്രഗ്ഗ് **ലൈസൻസ്**– കാലാവധി കഴിയുന്ന മുറയ്ക്ക് പുതുക്കി സമർപ്പിക്കുന്നതാണ്.

g) **ഇമേജ്** -കാലാവധി കഴിയുന്ന മുറയ്ക്ക് പുതുക്കി സമർപ്പിക്കുന്നതാണ്.

h) **പി.എൻ.ഡി.ടി –** കാലാവധി കഴിയുന്ന മുറയ്ക്ക് പുതുക്കി സമർപ്പിക്കുന്നതാണ്.

i) **എ.ഇ.ആർ.ബി –** കാലാവധി കഴിയുന്ന മുറയ്ക്ക് പുതുക്കി സമർപ്പിക്കുന്നതാണ്.

j) ഫ്രഷ് **കട്ട്** -കാലാവധി കഴിയുന്ന മുറയ്ക്ക് പുതുക്കി സമർപ്പിക്കുന്നതാണ്.

k) **എക്സൈസ്** -കാലാവധി കഴിയുന്ന മുറയ്ക്ക് പുതുക്കി സമർപ്പിക്കുന്നതാണ്.

l) **ഫയർ എൻ.ഒ.സി** -കാലാവധി കഴിയുന്ന മുറയ്ക്ക് പുതുക്കി സമർപ്പിക്കുന്നതാണ്.

m) **മറ്റേത് സ്റ്റാറ്റ്യൂട്ടറി പെർമിഷൻ** സംബന്ധിച്ച് -കാലാവധി കഴിയുന്ന മുറയ്ക്ക് പുതുക്കി സമർപ്പിക്കുന്നതാണ്.

സത്യവാങ്മൂലത്തിൽ മേൽഹാജരാക്കുന്ന രേഖകളുടെ കാലാവധി കഴിയുന്ന മുറയ്ക്ക് പുതുക്കി ഹാജരാക്കിയില്ലെങ്കിൽ മറ്റൊരറിയിപ്പ് കൂടാതെ ലൈസൻസ് റദ്ദ് ചെയ്യുന്നതായിരിക്കും എന്ന് എനിക്ക് നേരിട്ട് ബോധ്യപ്പെട്ടതാണ്.

അനുബന്ധ വ്യവസ്ഥകൾ സ്ഥാപനത്തിന്റെ തരമനുസരിച്ച് ഹാജരാക്കേണ്ടുന്ന മേൽപറയുന്ന രേഖകൾ (a, b, c,d e, f, g, h, h, I j, k, l, m)പരിശോധനാസമയം ഹാജരാക്കാൻ കഴിയാതെ വന്നാൽ എന്റെ ലൈസൻസ് റദ്ദ് ആവുമെന്ന കാര്യം എനിക്കറിയാവുന്നതാണ്.

ലൈസൻസിയുടെ പേരും വിലാസവും……………………………………………..

……………………………………………………

(ഫോൺ നമ്പർ)…………………………………………………………………

കെട്ടിട നമ്പർ………………………………………………………………….

സ്ഥാപനത്തിന്റെ പേര്…………………………………………………………..

ഒപ്പ്

സാക്ഷികൾ

1.

2.